# KERALA STATE WAREHOUSING CORPORATION

Established by Government of Kerala Under Warehousing Corporation Act 1962



## സന്ദേശം

കേരള സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്ല്യ ഓഹരി പങ്കാളിത്തമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനായ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ തുടർച്ചയായി ലാഭത്തിൽ പ്രവൃത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. കൃഷി വകുപ്പിന്റെ കീഴിൽ ഒരു സ്വതന്ത്രവകുപ്പായി  പ്രവൃത്തിക്കുന്ന വെയർഹൗസിംഗ് കോർപ്പറേഷൻ കർഷകരെ സഹായിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ പ്രവൃത്തിക്കുന്ന ഒരു കോർപ്പറേഷനാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ്, തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റോക്കുകൾ സംഭരിക്കുന്നതിനുള്ള വെയർഹൗസ് സൗകര്യങ്ങൾ കേരളത്തിലുടനീളം വെയർഹൗസിംഗ് കോർപ്പറേഷൻ നൽകി വരുന്നു.  കേരളത്തിലെ കർഷകർക്കും, സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഉപകാരപ്പെടുന്ന വിധത്തിൽ ശാസ്ത്രീയമായ  രീതിയിൽ റഫ്രിജറേറ്റഡ് സൗകര്യമുള്ളതും , കൂടുതൽ സംഭരണശേഷിയുള്ളതുമായ ഗോഡൗണുകൾ  കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും  നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെയാണ് കോർപ്പറേഷൻ പ്രവൃത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നത്. ഇതിനായി സർക്കാരിന്റെ ഭാഗത്ത് നിന്നും  പരമാവധി സഹായങ്ങൾ ലഭിക്കുന്നുണ്ട്. കേരള സർക്കാർ നടപ്പാക്കിയ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ വിജയത്തിൽ ഒരു ഭാഗവാക്കാകാൻ വെയർഹൗസിംഗ് കോർപ്പറേഷന് സാധിച്ചിട്ടുണ്ട്.

2023 വർഷത്തിലേക്കായി കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്ന ഹാൻ്റ് ബുക്കിന് ആശംസകൾ അറിയിക്കുന്നതോടൊപ്പം  എല്ലാവർക്കും സന്തോഷവും സമാധാനവും നിറഞ്ഞ പുതുവൽസരം നേരുന്നു.

പി.മുത്തുപാണ്ടി

ചെയർമാൻ

Chairman
**Sri. P. Muthupandi**
Kerala State Warehousing Corporation
Pincode: 682 016
Mob: 94461 30176, 80757 97656
E-mail: chairmankswc@gmail.com

Chairman
**Sri. P. Muthupandi**
Near KDH Club, 3 Room Lane
Old Munnar,P.O. Idukki, Pincode-658 612
Mob: 94461 30176, 80757 97656
E-mail: chairmankswc@gmail.com